# ദനഹാകാലം
## വചന വിചിന്തനം
### ദനഹാകാലം രണ്ടാം ഞായർ
**യോഹ 1,19-28**

> **"കർത്താവിൻെറ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ..."**
> **സ്നാപകന് തന്റെ ജീവിതത്തെ കുറിച്ച് പറയാനുള്ളതാണിത്.**
> **നിനക്ക് നിന്റെ ജീവിതത്തെകുറിച്ച് ഒറ്റ വാചകത്തിൽ പൂരിപ്പിക്കാമോ?**

ക്രിസ്തുവിന് സാക്ഷ്യം നൽകുവാനുള്ള ദൗത്യമാണ് ഓരോ ക്രിസ്ത്യാനിയും കയ്യാളുന്നത്. കയ്യാളുന്ന ഈ ദൗത്യം എത്ര സുന്ദരമായി ജീവിതദൗത്യമായി മാറ്റിയെടുക്കാം എന്നതിന് വചനഭാഗത്തുനിന്ന് ലഭിക്കാവുന്ന ഏറ്റവും നല്ല ഉദാഹരണമാണ് സ്നാപക യോഹന്നാൻ. അവന്റെ ജീവിതശൈലി കാണുമ്പോൾ,

"നീ ആരാണ് എന്നു ചോദിക്കാൻ?,"

ജറുസലെമിൽനിന്നു പുരോഹിതൻമാരെയും ലേവ്യരെയും യഹൂദർ അയക്കുകയാണ്. ഈ ചോദ്യത്തിനുള്ള സ്നാപകന്റെ സാക്ഷ്യം ഇപ്രകാരമായിരുന്നു;

"ഞാൻ ക്രിസ്തുവല്ല..."

യഹൂദർ അയച്ച ജറുസലെമിൽനിന്നുള്ള പുരോഹിതൻമാരുടെയും ലേവ്യരുടെയും ചോദ്യങ്ങളുടെ വരികൾക്കിടയിൽനിന്ന് സ്നാപകൻ അവരുടെ വരവിന്റെ ഉദ്ദേശ്യം വായിച്ചെടുത്തു. താന്റെ ജീവിതശൈലി കണ്ട്, താൻ ക്രിസ്തുവാണ് എന്നുള്ള ചിന്തയോടെ, അത് ഉറപ്പിക്കുന്നതിനുവേണ്ടിയാണ് ജറുസലേമിൽനിന്ന് പുരോഹിതൻമാരും ലേവ്യരും വന്നിരിക്കുന്നത്. അതുകൊണ്ട്, സ്നാപകൻ കൃത്യതയോടെ പറഞ്ഞുവച്ചു;

"ഞാൻ ക്രിസ്തുവല്ല..."

അവന്റെ അസന്ദിഗ്ധമായുള്ള പ്രഖ്യാപനം കേട്ട് പുരോഹിതൻമാരും ലേവ്യരും വീണ്ടും ചോദിക്കുകയാണ്;

"എങ്കിൽപ്പിന്നെ നീ ആരാണ്? ഏലിയായോ?"

ഇതിനും സ്നാപകന്റെ മറുപടി; "അല്ല..." എന്ന് തന്നെയാണ്.

നിരാശരാകാതെ അവൻ വീണ്ടും ചോദിച്ചു;

"എങ്കിൽ, നീ പ്രവാചകനാണോ?"

ഇതിനും സ്നാപകന്റെ മറുപടി "അല്ല" എന്നുതന്നെയാണ്.

അവസാനം അവർ ചോദിച്ചു;

"അങ്ങനെയെങ്കിൽ നീ ആരാണ്, ഞങ്ങളെ അയച്ചവർക്കു ഞങ്ങൾ എന്തു മറുപടി കൊടുക്കണം? നിന്നെക്കുറിച്ചുതന്നെ നീ എന്തു പറയുന്നു?"

ഇത്രയും നേരം തങ്ങളുടെ അറിവ് അലേഖനം ചെയ്യുന്നതിനുവേണ്ടിയുള്ള ചോദ്യങ്ങളാണ് ജറുസലെമിൽനിന്നും എത്തിയ പുരോഹിതൻമാരും ലേവ്യരും ചോദിച്ചതെങ്കിൽ, അവസാനചോദ്യം എളിമയോടെയുള്ള തോൽവി സമ്മതിച്ച ചോദ്യമായിരുന്നു. ആ ചോദ്യത്തിനുമുമ്പിൽ സ്നാപകൻ തന്നെതന്നെ വെളിപ്പെടുത്തുകയാണ്. അവൻ പറഞ്ഞു;

"ഏശയ്യാ ദീർഘദർശി പ്രവചിച്ചതുപോലെ, കർത്താവിൻെറ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ" (യോഹ 1,23).

*"എൻെറ പിന്നാലെ വരുന്നവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല..." ഒരുവന്റെ എളിമയുടെ ഗിരിശൃംഗമാണിത്!*

തന്റെ ജീവിതദൗത്യത്തെകുറിച്ച് ഇത്രയും വ്യക്തതയോടുകൂടെ ജീവിക്കുന്ന മറ്റൊരു വ്യക്തി സുവിശേഷത്തിലില്ല. "എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവൻെറ ചെരിപ്പു വഹിക്കാൻ പോലും ഞാൻ യോഗ്യനല്ല" (മത്താ 3,11) എന്നുപറഞ്ഞ് ക്രിസ്തുവിന്റെ വലുപ്പം ഈ ലോകത്തിന് പരിചയപ്പെടുത്തിയവൻ ക്രിസ്തുവിന് നിഴലായ് മാറ്റപ്പെടുന്നു. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,30) എന്ന് പറഞ്ഞ് സ്നാപകൻ ജീവിക്കുന്നുണ്ടെങ്കിൽ അതിനുള്ള ഏകകാരണം തന്റെ ജീവിതദൗത്യത്തെ കുറിച്ചുള്ള സ്നാപകന്റെ തീക്ഷ്ണതയാണ്. ഇന്ന് നമുക്ക് ഈ തീക്ഷ്ണത നഷ്ടപ്പെടുന്നുണ്ടെങ്കിൽ അതിനുള്ള കാരണം, നമുടെ ജീവിതദൗത്യം തിരിച്ചറിയുന്നതിൽ നാം തോറ്റുപോകുന്നതുകൊണ്ടാണ്. ക്രിസ്തുവിന് സാക്ഷ്യം നൽകുവാനുള്ള ദൗത്യം ഏറ്റവും സുന്ദരമായി സ്നാപകയോഹന്നാൻ ജീവിച്ച് തീർക്കുമ്പോൾ നമുക്ക് പ്രാർത്ഥിക്കാനും പ്രയത്നിക്കാനുമുള്ളത് സ്നാപകയോഹന്നാനെപ്പോലെ ഏറ്റവും സുന്ദരമായി ക്രിസ്തുവിനെ ഈ ലോകത്തിന് വെളിപ്പെടുത്താൻ അനുഗ്രഹിക്കണമേ എന്നുതന്നെയാണ്.

ക്രിസ്തുവിനെ ഈ ലോകത്തിന് വെളിപ്പെടുത്തുന്നതിന് കരുതലോടെ ജീവിച്ച ഒരമ്മയെകുറിച്ച് കേട്ടിട്ടുണ്ട്. വാഴ്ത്തപ്പെട്ട പോൾ ആറാമൻ മാർപാപ്പയുടെ അമ്മയാണത്. തന്റെ പൗരോഹിത്യഅഭിഷേകവേള അടുത്തപ്പോൾ വൈദികാർത്ഥിയായ പോൾ ആറമൻ മാർപാപ്പ തന്റെ അമ്മയോട് പുത്തൻ കുർബാനയ്ക്കുവേണ്ട ഏറ്റവും മികച്ച കുപ്പായം തയ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു. അതിനുള്ള അമ്മയുടെ മറുപടി ഇപ്രകാരമായിരുന്നു;

"നീ എന്റെ ഉദരത്തിൽ ഉരുവായപ്പോൾതന്നെ നിനക്കായി കുർബാന കുപ്പായം തയ്യാറാക്കി. വെള്ളിനൂലിൽ തീർത്ത എന്റെ ഈ മന്ത്രകോടി തന്നെയാണ് അത്. ഇതു ഉപയോഗിച്ച് വേണം നീ പുത്തൻ കുർബാനയ്ക്കുള്ള കുപ്പായം തയ്ക്കാൻ."

ആ അമ്മയുടെ കരുത്തും കരുതലും സമ്മാനിക്കുന്ന മറുപടി കേട്ടപ്പോൾ ആദ്യമെന്ന് പതറിയെങ്കിലും, പിന്നീട്, ആ മന്ത്രകോടി ഉപയോഗിച്ച് കുർബ്ബാനകുപ്പായം തുന്നുകയും വൈദീകപട്ടമേൽക്കുകയും ചെയ്തു. ആ മന്ത്രകോടിയിൽ തീർത്ത തിരുവസ്ത്രം ധരിച്ചു കുർബാനയർപ്പിച്ച വൈദികൻ പിന്നീട് മെത്രാനായി, കർദ്ദിനാളായി, അവസാനം മാർപാപ്പയാവുകയും ചെയ്തു. ഇത്രമാത്രം വിശുദ്ധിയോടെ ജീവിച്ച അദ്ദേഹം പിന്നീട്, "വാഴ്ത്തപ്പെട്ട പോൾ ആറാമൻ മാർപാപ്പ" എന്ന നിലയിലേയ്ക്ക് തിരുസഭയിൽ ഉയർത്തപ്പെട്ടു.

ക്രിസ്തുവിനെ വെളിപ്പെടുത്തുന്നതായിരിക്കണം ഓരോ കത്തോലിക്കന്റെയും ജീവിതശൈലി. ക്രിസ്തുവിന്റെ സ്വർഗാരോഹണസമയത്ത് അവിടെ ഒരുമിച്ചുകൂടിയിരുന്ന ശിഷ്യൻമാർ ക്രിസ്തുവിനോട് ചോദിച്ചു;

"കർത്താവേ, അവിടുന്ന് ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിച്ചു നൽകുന്നത് ഇപ്പോഴാണോ?"

അതിനുള്ള അവന്റെ മറുപടി ഇപ്രകാരമാണ്;

"പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമല്ല. എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നു ക ഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലുംയൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു **<u>സാക്ഷി</u>**കളായിരിക്കുകയും ചെയ്യും" (അപ്പ 1,6–8).

ക്രിസ്തുവിന് സാക്ഷികളായിരിക്കേണ്ടതിന്റെ അനിവാര്യതയാണ് ക്രിസ്തു ഇവിടെ വിവക്ഷിക്കുന്നത്. ഓരോ ക്രൈസ്തവന്റെയും ജീവിതധർമ്മം. സ്നാപകൻ അതിനുള്ള ഏറ്റവും നല്ല മാതൃകയാണ്.

ഒരിക്കൽ ഒരു വൃദ്ധൻ നോമ്പുകാലത്തിൽ ഒരു ഹോട്ടലിന്റെ മൂലയിലിരുന്നു എന്തോ

*"കർത്താവിൻെറ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ..." താൻ വന്നിരിക്കുന്നത് ക്രിസ്തുവിന് സാക്ഷ്യം നൽകാനാണ് എന്നതിൻ ഇതിനേക്കാൾ വലിയ സൂചനയില്ല!*

തിന്നുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ, ഒരു പറ്റം യുവാക്കൾ അയാളെ സമീപിച്ചു ചോദിച്ചു.

"വല്യപ്പച്ചാ, നിങ്ങൾക്കു നോമ്പില്ലേ?"

വൃദ്ധൻ പറഞ്ഞു:

"ഉണ്ട്, ആരു പറഞ്ഞു ഇല്ലെന്ന്?"

"എനിക്ക് നോമ്പുണ്ട്. പക്ഷെ, ഭക്ഷണം കഴിക്കുന്നുണ്ടെന്ന് മാത്രം മാത്രം."

യുവാക്കൾ ആർത്തു ചിരിച്ചു:

"ഹ...ഹ... ഇങ്ങനേയുമുണ്ടോ നോമ്പ്?! ഇതെന്ത് നോമ്പാണ് ?"

വൃദ്ധൻ പറഞ്ഞു:

"ഓ, ഞാൻ കളവു പറയാറില്ല. ആരെയും മോശമായി കാണാറില്ല. അസഭ്യം പറയാറില്ല. ആരേയും കളിയാക്കാറില്ല, ആരുടേയും മനസ്സ് വേദനിപ്പിക്കാറില്ല. പരദൂഷണം പറയാറില്ല, അസൂയ പുലർത്താറില്ല. ബൈബിൾ വായിക്കാനും പഠിക്കാനും സമയം കണ്ടെത്തുന്നുമുണ്ട്... പിന്നെ, നിഷിധമായതൊന്നും ഭക്ഷിക്കാറില്ല. അർഹിക്കാത്ത പണം വാങ്ങാറില്ല. ഉത്തരവാദിത്തങ്ങളും ബാധ്യതകളും വിശ്വസ്തതയോടെ നിറവേറ്റുന്നുമുണ്ട്. പക്ഷെ, ഇപ്പോൾ പ്രായമായതിനാലും തീരെ വയ്യാത്തതിനാലും എന്റെ വയറിനു നോമ്പില്ല." പിന്നീട് വൃദ്ധൻ യുവാക്കളോട് ചോദിച്ചു:

"അല്ല, നിങ്ങൾക്ക് നോമ്പുണ്ടോ?"

അതിലൊരുത്തൻ വളരെ ആലോചിച്ച് കൊണ്ട് തല കുനിച്ചു മടിച്ചു കൊണ്ട് പറഞ്ഞു:

"ഇല്ല! ഞങ്ങൾ ഭക്ഷണം കഴിക്കുന്നില്ലെന്നേയുള്ളൂ..."

ക്രിസ്തുവിന് സാക്ഷ്യം നൽകുക എന്നുള്ള വലിയ ദൗത്യം കയ്യാളുന്ന ഓരോ ക്രിസ്ത്യാനിയും സ്നാപകയോഹന്നാനെ മുന്നിൽ വച്ച് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. "ഞാൻ ജലംകൊണ്ടു സ്നാനം നൽകുന്നു. എന്നാൽ, നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നിൽപുണ്ട്. എൻെറ പിന്നാലെ വരുന്ന അവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല" (യോഹ 1,26-27) എന്നു പറഞ്ഞവൻ ക്രിസ്തുവിന് ചവുട്ടികയറാനായി ശിരസ് നമിച്ചുകൊടുക്കുകയാണ്. "ദൈവരാജ്യവ്യാപനം" തന്നെയാണ് സ്നാപകന്റെ ലക്ഷ്യം. അതിനായ്, സ്നാപകൻ "അവൻ വളരുകയും, ഞാൻ കുറയുകയും വേണം" എന്ന മനോഭാവത്തോടെ ക്രിസ്തുവിനെ ലോകത്തിന് വെളിപ്പെടുത്തുന്നു.

"ആരാണ്"
എന്നുചോദിക്കുമ്പോൾ
"ആരല്ല"
എന്നു പറയണമെങ്കൽ
തന്റെ ജീവിതദൗത്യത്തെ
കുറിച്ച്,
വ്യക്തമായ ധാരണ
അവൻ
സ്വന്തമാക്കിയിരിക്കണം!

***"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു.***
***ഇനിമേൽ ഞാനല്ല ജീവിക്കുന്നത്,***
***ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്."***
ഗലാത്തി 2,20

---

ഫാ. ജോബി മേനോത്ത്
+91 9447777931